(ഡി) 2014-15 വർഷത്തെ അപേക്ഷിച്ച് നടപ്പ് സാമ്പത്തിക വർഷം 4990 പുതിയ ഭവനങ്ങളും 3800 ഭവന അറ്റകുറ്റപ്പണികളും 3600 ടോയ്‌ലെറ്റുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം (1/2016) NFWF പദ്ധതി വിഹിതത്തിന്റെ 62 ശതമാനവും Basic Infrastructure Facilities & Human Development of Fisherfolk പദ്ധതി വിഹിതത്തിന്റെ 90 ശതമാനവും ചെലവ് ചെയ്യാൻ കഴിഞ്ഞു. ഇത് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനത്തിന്റെകൂടി ഫലമായി വിലയിരുത്താവുന്നതാണ്.

വിഴിഞ്ഞം ഇറമുഖപദ്ധതി

128 (3235) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇറമുഖപദ്ധതിയുടെ പുനരധിവാസവും നഷ്ടപരിഹാരവും സംബന്ധിച്ച് 2015 നവംബർ മാസം 11, 12 തീയതികളിൽ മന്ത്രിയുടെ ചേമ്പറിൽ ഒരു യോഗം ചേർന്നിരുന്നോ; ആരെയൊക്കെയാണ് ആ യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത്;

(ബി) യോഗം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗത്തിൽ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെ ക്ഷണിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം ഇറമുഖപദ്ധതിയുടെ കവാടമായി കരുതപ്പെടുന്ന മുല്ലൂർ പ്രദേശത്തെ എല്ലാ കട്ടമരത്തൊഴിലാളികളെയും ചിപ്പിയും ശംഖും കല്ലുറാളും ശേഖരിക്കുന്ന മത്സ്യത്തൊഴിലാളികളെയും പ്രസ്തുത യോഗത്തിലേക്ക് ക്ഷണിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു; ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015 നവംബർ മാസം 11, 12 തീയതികളിൽ ഇറമുഖ വകുപ്പുമന്ത്രിയുടെ ചേമ്പറിലും സൗത്ത് കോൺഫറൻസ് ഹാളിലും യോഗം ചേർന്നിരുന്നു. പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടാവുന്ന കരമടി, ചിപ്പി, ലോബ്സ്റ്റർ തൊഴിലാളികളെയും റിസോർട്ടുകളിലെയും ചെറുകിട വ്യാപാര സ്ഥാപനങ്ങളിലെയും ജീവനക്കാരെയുമാണ് യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം * ആയി വച്ചിട്ടുണ്ട്.

(സി) ഇല്ല. നഷ്ടപരിഹാര തുക സംബന്ധിച്ച് തൊഴിൽ നഷ്ടം സംഭവിക്കാൻ സാധ്യതയുള്ളവരുടെ അഭിപ്രായം അറിയാനാണ് പ്രസ്തുത യോഗം വിളിച്ചത്.

(ഡി) മേൽവിലാസം ലഭ്യമായിരുന്ന എല്ലാ കട്ടമരത്തൊഴിലാളികളെയും ചിപ്പിയും ശംഖും കല്ലുറാളും ശേഖരിക്കുന്ന മത്സ്യത്തൊഴിലാളികളെയും യോഗത്തിലേക്ക് ക്ഷണിച്ചിരുന്നു.

(ഇ) യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം* ആയി വച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അനന്തര നടപടികൾ ജില്ലാകളക്ടർ ചെയർമാനായ ജീവനാഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി (Appeal Committee to Livelihood Impact Appraisal Committee) എടുത്തുവരുന്നു. LIAC തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ലഭ്യമായ 18000-ത്തിൽപ്പരം ആക്ഷേപങ്ങൾ LIAC Appeal Committee പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

കോഴിക്കോട് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണവും സാനിറ്റേഷൻ യൂണിറ്റ് അനുവദിക്കലും

129 (3236) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; ആയതിന്റെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിൽ കൊയിലാണ്ടിയിൽ അനുവദിച്ച വീടുകൾ എത്ര; എത്ര രൂപ അനുവദിച്ചു; സർക്കാർ ക്വാട്ടയിൽ ഭവന നിർമ്മാണത്തിന് അർഹരായവരുടെ പേരും വിലാസവും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലം മത്സ്യത്തൊഴിലാളി ഭവന അറ്റകുറ്റപ്പണി പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് എത്ര വീടുകൾ അനുവദിച്ചു എന്നതും കൊയിലാണ്ടി മണ്ഡലത്തിൽ എത്രപേർക്ക് അനുവദിച്ചു എന്നതും വ്യക്തമാക്കാമോ; മൊത്തം എത്ര തുക ഇതിനായി അനുവദിച്ചു എന്നത് വർഷം തിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly